# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 08-11-2013

## ശമ്പള പരിഷ്കരണം:
# കെ.എസ്.ടി.എ പ്രക്ഷോഭത്തിലേക്ക്

സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരമത്തിനായുള്ള കമ്മീഷനെ ഉടൻ നിയമിക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷേഭമാരംഭിക്കാൻ കൊല്ലത്ത് ഇന്നലെ ചേർന്ന കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റിയോഗം തീരുമാനിച്ചു.

2009 ജൂലൈ മാസത്തിലാണ് കഴിഞ്ഞ ശമ്പള പരിഷ്കരണം നടന്നത്. ശമ്പള പരിഷ്കരണത്തിലുണ്ടായ നിരവധി അപാകതകൾ ഇപ്പോഴും പരിഹരിക്കപ്പെടാതെ അവശേഷിക്കുകയാണ്. നിത്യോപയോഗ സാധനങ്ങൾക്ക് അതിരൂക്ഷമായ വിലകയറ്റമാണ് അനുഭവപ്പെടുന്നത്. ക്ഷാമബത്ത കൊണ്ട് വിലകയറ്റത്തിന്റെ കെടുതികൾ അകറ്റാൻ കഴിയുന്നില്ല. ക്ഷാമബത്ത ശമ്പളത്തിന്റെ പകുതിയിലധികമായിരിക്കുന്നു. 1968 മുതൽ കേരളത്തിലെ ജീവനക്കാർക്ക് അഞ്ച് കൊല്ലം കൂടുമ്പോൾ ശമ്പള പരിഷ്കരണമെന്ന ആനുകൂല്യം ലഭിക്കുന്നുണ്ട്. ആ തത്വം പാലിക്കപ്പെടണം. ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ ഉടനെ ആരംഭിക്കണം.

കേരളത്തിലെ സിവിൽ സർവ്വീസിന്റെ വൈപുല്യം പരിഗണിക്കുമ്പോൾ വിവിധ തസ്തികകളിലെയും കാറ്റഗറികളിലെയും ശമ്പള സ്കെയിലുകളെകുറിച്ച് സൂക്ഷ്മവും സമഗ്രവുമായ ശമ്പള പരിഷ്കരണം സമയബന്ധിതമായി നടത്തണമെങ്കിൽ ഇപ്പോൾതന്നെ കമ്മീഷനെ നിയമിക്കേണ്ടതുണ്ട്. അതുകൊണ്ട് അടിയന്തരമായി ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കണമെന്നും കുടിശികയുള്ള 10% ക്ഷാമബത്ത ഉടൻ അനുവദിക്കണമെന്നും ക്ഷാമബത്ത പൂർണ്ണമായും അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചുകൊണ്ട് ശമ്പളം പരിഷ്കരിക്കണമെന്നും കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു.

സംസ്ഥാന കമ്മിറ്റി യോഗത്തിൽ പ്രസിഡന്റ് കെ.എൻ.സുകുമാരൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം.ഷാജഹാൻ റിപ്പോർട്ട് അവതരിപ്പിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി